ശ്രീ. കെ. കൊച്ചുകുട്ടൻ : നോട്ടീസു വേണം.

ശ്രീ. എ. താണുപിള്ള : ഇതു നു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സർവ്വെ നടത്താൻ ചാർജ്ജുണ്ടായിരുന്ന ആളാണ്.

ശ്രീ. എ. താണുപിള്ള : അദ്ദേഹത്തിനു് എന്തെല്ലാം ജോലിയാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആദ്യം സ്ഥലം സർവ്വെ ചെയ്യുന്നതിൽ മേൽനോട്ടം ഉണ്ടായിരുന്നു. അതു് നംപ്പറമെ ാളനിലെ ആളുകൾക്കു വീടു വെക്കികൊടുക്കുക, കൃഷി സൗകര്യം ചെയ്തുകൊടുക്കുക എന്നീ ജോലികളും നോക്കിവരുന്നു.

ശ്രീ. എ. താണുപിള്ള : ഈ ഉദ്യോഗസ്ഥന്റെ സ്റ്റാറ്റസ് എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഡെപ്യൂട്ടി കളക്ടരാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : പട്ടം കോളനിയിൽ പട്ടിക ജാതിക്കാർ താമസിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓരോ വിഭാഗക്കാരുടെയും പ്രത്യേക കണക്കില്ല. പട്ടിക ജാതിക്കാരും കാണും.

ശ്രീ. എ. കുഞ്ഞൻ നാടാർ : അവിടെ വീടു വയ്ക്കാൻ കൊടുത്ത സ്ഥലം ധനവാന്മാക്കു് വിറ്റിട്ടു് ആരുപേർ പോയിട്ടുണ്ടു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ കൊടുത്തിട്ടുള്ളതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : അവിടെ സ്ഥലം കിട്ടിയിട്ടുള്ളവർ ആരെങ്കിലും അതു് ഉപേക്ഷിച്ചിട്ടു പോയിട്ടുള്ളതായി അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചിലർ പോയിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അങ്ങനെ സ്ഥലം ഉപേക്ഷിച്ചു പോയിട്ടുള്ളവർ അദ്ധ്വാനശീലരല്ലെന്നു് മുമ്പു് മന്ത്രി പറയുകയുണ്ടായിട്ടുണ്ടു്. തരിശിനെ എടുക്കുന്നവർ അദ്ധ്വാനശീലരാണെന്നു ബോദ്ധ്യമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അദ്ധ്വാനശീലമുള്ളവരെന്നു് അറിഞ്ഞിട്ടാണു് സ്ഥലം കൊടുക്കുന്നതു്.

Scholarships.

* 150. [22] SHRI A. A. D. LUIZ : Will the Minister for Local Self Government be pleased to state the exact number of students that have received scholarships from the Secretary, Scheduled Castes and Scheduled Tribes Scholarship Board, New Delhi ?

Minister for Local Self Government (SHRI K. KOCHUKUTTAN) : During 1955-56, 975 students were awarded the Government of India scholarships.

LIBRARY ARCHIVES Kerala Legislative Assembly

SHRI A. A. D. LUIZ : May I know from the Hon. Minister how the Scholarships were given, on the basis of Communities ?

ഓരോ ജാതിക്കാർക്കും എത്രവീതം കിട്ടിയെന്നുള്ള വിവരം മന്ത്രിയുടെ കൈവശമുണ്ടോ ?

ശ്രീ. ഇ. കൊച്ചുകുട്ടൻ : ഷെഡ്യൂൾഡ് കാസ്റ്റിൽ 580 പേർക്കും, മറ്റ 395 പേർക്കും കിട്ടിയിട്ടുണ്ട്.

ശ്രീ. എ. എ. ഡി. ലൂയിസ് : ഇതു സംബന്ധിച്ച ഡിറ്റെയിൽഡ് ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ?

ശ്രീ. ഇ. കൊച്ചുകുട്ടൻ : അതിന്റെ ഡിറ്റെയിൽസ് ഇപ്പോൾ എന്റെ കൈവശമില്ല.

ടഗ്ഗുകളിലും ബോട്ടുകളിലും വേഗ ക്ര.

* 151. [23] ശ്രീ. പി. കെ അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൃത്യമായ നിയമപ്രകാരം ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന ടഗ്ഗുകളിലും സ്പെഷ്യൽ ബോട്ടുകളിലും ലൈസൻസുള്ളതും ഇല്ലാത്തതുമായുള്ള എത്ര ക്ര വേണമെന്നു നിശ്ചയം ചെയ്തിട്ടുണ്ടോ ;

(ബി) നിയമപ്രകാരം ലോഗ്ബുക്കും ക്ര ഡയറിയും എഴുതുന്ന സമ്പ്രദായം മേൽപറഞ്ഞ വിഭാഗം ബോട്ടുകൾക്കും ടഗ്ഗുകൾക്കും ബാധകമല്ലേ ;

(സി) ആണെങ്കിൽ ഈ നിയമം പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ടഗ്ഗുകളിൽ ലൈസൻസുള്ള ഒരു സ്രാങ്കും, ഒരു ഡ്രൈവറും കൂടാതെ ഇൻസ്പെക്ടർ നിശ്ചയിക്കുന്നിടത്തോളം ഏണ്ണം ലാസ്കറും വേണമെന്നുണ്ട്. സ്പെഷ്യൽബോട്ടിൽ ഒരു ലൈസൻസുള്ള ഡ്രൈവർ ഉണ്ടായിരിക്കണം. എന്നാൽ, രണ്ടര ടണ്ണിൽ താഴെയുള്ള സ്പെഷ്യൽ ബോട്ടുകളും, അതിന്റെ ഉടമസ്ഥന്മാർ തന്നെ അവരുടെ സ്വന്ത ആവശ്യത്തിനു ഓടിക്കുകയാണെങ്കിൽ, അവർ ലൈസൻസുള്ളവരായിരിക്കണമെന്നില്ല.

(ബി) ബാധകമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പോർട്ടർമാരുടെ ശമ്പളം.

* 152. [24] ശ്രീ. കുട്ടപ്പൻ കോമികൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ടാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര പോർട്ടർമാരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly